ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധികചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ: ശ്രീ. ജോമോൻ.കെ. ജോർജ് ബി.ടെക് )

<u>ഉത്തരവ് നം. HECE/488/2018-B1 തീയതി 21/6/2021</u>

വിഷയം :- ജീവനക്കാര്യം-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ റേഷ്യോഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ജി.ഒ. പി 27/2021 ധന തീയതി 10-02-2021

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 4 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളാണ് നിലവിലുള്ളത്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക 1:1:1:1 എന്ന അനുപാതത്തിൽ (അതായത് യഥാക്രമം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -II കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) ആയിരിക്കണമെന്ന് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) ആയിരുന്ന ശ്രീമതി. എം.റ്റി.രജനി 31-03-2021-ന് വൈകുന്നേരം പ്രായപൂർത്തി പെൻഷനിൽ വിരമിച്ചതുനിമിത്തം ടി തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഏറ്റവും സീനിയറായ ശ്രീമതി. എൻ. മായാദേവിയ്ക്കാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളത്. ഈ സാഹചര്യത്തിൽചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. എൻ. മായാദേവിയ്ക്ക് സെലക്ഷൻ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവ് നിലവിൽ വന്ന 01-04-2021 മുതൽ 55200- 1,15,300 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ് ) അനുവദിച്ച് ഉത്തരവാകുന്നു.

ശ്രീമതി. എൻ. മായാദേവിയ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് ആയി സ്ഥാനക്കയറ്റംനൽകിയതുവഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ടിയാളുടെ തൊട്ടു താഴെ ജൂനിയറായ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I, ശ്രീമതി.ജെ.എസ് മാലിനിയ്ക്കാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ലഭിക്കാൻ

അർഹതയുള്ളത്. ആയതിനാൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- I, ആയ ശ്രീമതി. ജെ.എസ്. മാലിനിയ്ക്ക് 01-04-2021 മുതൽ 43400-91200 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

ശ്രീമതി. ജെ.എസ്. മാലിനിയ്ക്ക് സീനിയർ ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകിയതുവഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം സീനിയോറിറ്റിയിൽ മൂന്നാം സ്ഥാനക്കാരിയായ ശ്രീമതി. വി.ആർ. അനുപമയ്ക്കാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-I ആയി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളത്. ആയതിനാൽ ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി. വി.ആർ. അനുപമയ്ക്ക് 01-04-2021 മുതൽ 39300-83000 രൂപ ശമ്പള സ്കെയിലിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -I ആയി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയറുടെ
പൂർണ്ണ അധിക ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

വ്യക്തികൾക്ക് (ആഫീസ് മേധാവി മുഖേന)

പകർപ്പ്: സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യമേഖല/ ദക്ഷിണമേഖല
ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ, ചീഫ് എഞ്ചിനിയറുടെ പി.എ,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട് , ബി3, ബി4,എ6
വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T3/Wh

Etcell (48)